നം. എച്ച് 2/69762/2015/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെകാര്യാലയം
തിരുവനന്തപുരം.
തീയതി : 05.12.2015

**സർക്കുലർ**

വിഷയം:- **പൊതുവിദ്യാഭ്യാസം - എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും ഏകീകൃത തിരിച്ചറിയൽ നമ്പർ (യു.ഐ.ഡി) ലഭ്യമാക്കുന്നത് സംബന്ധിച്ച മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- ഈ ഓഫീസിലെ 16.09.2015-ലെ H2/69762/2015/DPI നമ്പർ സർക്കുലർ

സംസ്ഥാനത്തെ എല്ലാ സ്കൂൾ കുട്ടികൾക്കും ഏകീകൃത തിരിച്ചറിയൽ നമ്പർ (യു.ഐ.ഡി) ലഭ്യമാക്കുന്നതിന് അതത് ഡിഡിഇ, ഡിഇഒ, എഇഒ,സ്കൂൾ ഹെഡ്മാസ്റ്റർ എന്നിവർ നടപടി സ്വീകരിക്കണമെന്ന് സർക്കാർ ഉത്തരവും ഈ ഓഫീസിൽ നിന്നുള്ള നിർദ്ദേശങ്ങളും നിരവധിതവണ പുറപ്പെടുവിച്ചിട്ടുണ്ട്. യുഐഡി ലഭിക്കാത്ത വിദ്യാർത്ഥികളുടെ എൻറോൾമെന്റ് ഉറപ്പുവരുത്തുന്നതിന് ഈ വർഷവും പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കുന്നതിനും വിദ്യാർത്ഥികളുടെ യുഐഡി/ ഇഐഡി ഓൺലൈൻ സംവിധാനത്തിൽ 2015 ഒക്ടോബർ 15 നകം ഉൾപ്പെടുത്തുന്നതിനും സൂചന പ്രകാരം നിർദ്ദേശിച്ചിരുന്നു. ടി പ്രവർത്തനങ്ങളിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശനനടപടി സ്വീകരിക്കുന്നതാണെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ സ്കൂൾ വിദ്യാർത്ഥികളുടേയും ഏകീകൃത തിരിച്ചറിയൽ നമ്പർ (യു.ഐ.ഡി) ഓൺലൈനിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സ്കൂളിലെ ഏതെങ്കിലും വിദ്യാർത്ഥിയുടെ യു.ഐ.ഡി/ഇഐഡി ഓൺലൈൻ സംവിധാനത്തിൽ ഇതുവരെ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ആയത് 15.12.2015 നുമ്പ് സമ്പൂർണ്ണയിലോ Sixth Working Day 2015 ലോ ഉൾപ്പെടുത്തേണ്ടതാണ്.
2. അതത് സ്കൂൾ ഹെഡ്മാസ്റ്റർ ഇത് ഉറപ്പുവരുത്തേണ്ടതും സ്കൂളിലെ വിദ്യാർത്ഥികൾക്ക് യു.ഐ.ഡി/ഇ.ഐ.ഡി ലഭിച്ചത് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട എ.ഇ.ഒ/ഡി.ഇ.ഒ ക്ക് 20.12.2015 നകം സമർപ്പിക്കേണ്ടതുമാണ്.
3. എ.ഇ.ഒ/ഡി.ഇ.ഒ മാർ അവരവരുടെ അധികാരപരിധിയിൽ വരുന്ന എല്ലാ സ്കൂളുകളിലേയും എല്ലാ വിദ്യാർത്ഥികൾക്കും ഏകീകൃത തിരിച്ചറിയൽ നമ്പർ (യു.ഐ.ഡി) ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഏകീകൃത തിരിച്ചറിയൽ നമ്പർ (യു.ഐ.ഡി) ലഭിക്കാത്ത വിദ്യാർത്ഥികൾ ആധാർ എൻറോൾമെന്റ് നടത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ടി വിദ്യാർത്ഥികളുടെ ഇഐഡി ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. സ്കൂൾ ഹെഡ്മാസ്റ്റർമാർ ടി പ്രവർത്തനം നടപ്പിലാക്കിയെന്ന് വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

MS Jaya

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും (എഇഒ/ഡിഇഒ മുഖേന)
എല്ലാ എഇഒ/ഡിഇഒ/ഡിഡിഇ മാർക്കും

<u>പകർപ്പ്</u>

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ പ്രോജക്ട്
എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ/എ.ഇ.ഒ-മാർക്കും
എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ/എ.ഇ.ഒ മുഖേന)
സ്റ്റോക്ക് ഫയൽ

Scanned by CamScanner